ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്ലാന്റേഷനുകൾ

* 440. [470] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

,, കെ. കെ. തോമസ് :

,, കെ. രാഘവൻ മാസ്റ്റർ :

,, ജോസ് കുറ്റിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ എത്ര ഹെക്ടറിൽ പ്ലാന്റേഷൻ നടത്തിവരുന്നു ;

(ബി) ഏതെല്ലാം പ്ലാന്റേഷനുകൾ ഏതെല്ലാം പ്രദേശങ്ങളിൽ നടത്തിവരുന്നു ;

(സി) ഇതിന്റെ ലാഭനഷ്ടങ്ങൾ വ്യക്തമാക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 11801.163 ഹെക്ടർ സ്ഥലത്ത്.

(ബി) തിരുവനന്തപുരം ജില്ലയിലെ അരിപ്പ, പാലോട്, കോട്ടൂർ എന്നീ പ്രദേശങ്ങളിലും കൊല്ലം ജില്ലയിലെ അച്ചൻകോവിൽ, പുന്തല, പുനലൂർ എന്നീ പ്രദേശങ്ങളിലും തൃശൂർ ജില്ലയിലെ ചില ഭാഗങ്ങളിലും ഇടുക്കി ജില്ലയിലെ ഗ്രാസ് ലാൻറ്, കുളമാവ്, കൂട്ടക്കുഴി എന്നീ പ്രദേശങ്ങളിലും കൂടി 9738.653 ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്റ്റസ് ഹൈബ്രിഡ്, യൂക്കാലിപ്റ്റസ് ഗ്രാൻറിസ്, അൽബീസിയ, ഇലവ്, തേക്ക് തുടങ്ങിയ ടിംബർ പ്ലാന്റേഷൻ നടത്തിയിരിക്കുന്നു. ഇടുക്കി ജില്ലയിലെ മാങ്കുളം, കൂട്ടക്കുഴി എന്നീ സ്ഥലങ്ങളിലും പാലക്കാട് ജില്ലയിലെ നെൻമാറയിലും പത്തനംതിട്ട ജില്ലയിലെ പച്ചക്കാനത്തുമായി 1981.840 ഹെക്ടർ സ്ഥലത്ത് ഏലം കൃഷി ചെയ്തിരിക്കുന്നു. വയനാട് ജില്ലയിലെ കമ്പമലയിൽ 100.670 ഹെക്ടർ സ്ഥലത്ത് തേയിലത്തോട്ടവും ഉണ്ട്.

(സി) കോർപ്പറേഷൻ കണക്കനുസരിച്ച് ലാഭത്തിലാണ് നടക്കുന്നത്. 1984-85-ൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച 730 ഹെക്ടർ ഏലത്തോട്ടത്തിൽനിന്നും 4,15,761 രൂപ 70 പൈസ ലാഭം കിട്ടി. വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച 15 ഹെക്ടർ തേയിലത്തോട്ടത്തിൽ 1,85,039 രൂപ 72 പൈസ നഷ്ടവും ഉണ്ടായി. 1985-86-ൽ 102.30 ഹെക്ടർ സ്ഥലത്തുനിന്നും അൽബിസിയയും ഇടവിളകളും വിറ്റവയിനത്തിൽ 22,37,373 രൂപ 86 പൈസ ലാഭമുണ്ടായിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച 45 ഹെക്ടർ തേയിലത്തോട്ടത്തിൽ 4,30,364 രൂപ 62 പൈസയും 983 ഹെക്ടർ ഏലത്തോട്ടത്തിൽ 13,18,546 രൂപ 8 പൈസയും നഷ്ടം ഉണ്ടായിട്ടുണ്ട്.

വെള്ളപ്പൊക്കം തുടങ്ങിയ കെടുതികൾ വിലയിരുത്താനും അടിയന്തിര സഹായമെത്തിക്കാനുമുള്ള സംവിധാനം

* 441 [471] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വരൾച്ച തുടങ്ങിയ കെടുതികൾ ഉണ്ടാകുമ്പോൾ അവയെപ്പറ്റി വിലയിരുത്തുവാനും അടിയന്തിര സഹായം നൽകുവാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, കടൽക്ഷോഭം, ഉരുൾപൊട്ടൽ മുതലായ പ്രകൃതിക്ഷോഭം, കൊണ്ടുണ്ടാകുന്ന ദുരിതങ്ങൾക്ക് അടിയന്തിരമായി കൈകൊള്ളേണ്ട നടപടികളെ സംബന്ധിക്കുന്ന വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന മാനുവൽ ഓൺ നാച്ചറൽ കലാമിറ്റീസ് ആൻഡ് ഡിസ്ട്രസ് റിലീഫ് എന്ന ഒരു പ്രസിദ്ധീകരണം നിലവിൽ ഉണ്ട്. അതിൽ അനുശാസിക്കുന്ന പ്രകാരം ജില്ലാ കളക്ടർമാർ, മറ്റു വകുപ്പു മേധാവികൾ മുതലായ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും അപ്പപ്പോൾ എടുക്കേണ്ട ദുരിതാശ്വാസ നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദൈനംദിനമുള്ള നാശനഷ്ടങ്ങൾ, ആശ്വാസം മുതലായവ ഗവൺമെന്റ് തലത്തിൽ റിപ്പോർട്ടു ചെയ്യുവാൻ ജില്ലാ തലത്തിൽ സംവിധാനമുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ജില്ലാകളക്ടർമാർക്ക് വ്യക്തവും കാര്യക്ഷമവുമായ നിർദ്ദേശങ്ങളടങ്ങുന്ന ഉത്തരവുകൾ നിലവിലുണ്ട്. അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിലേക്ക് ദുരിതാശ്വാസ കമ്മറ്റികൾ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും താലൂക്കടിസ്ഥാനത്തിലും ഇപ്പോഴത്തെന്നെ നിലവിലുണ്ട്.

പ്രകൃതിക്ഷോഭംമൂലം വീടു നഷ്ടപ്പെടുന്നവരെ മാറ്റി പാർപ്പിക്കുകയും അവർക്ക് ആഹാരം, വസ്ത്രം, വൈദ്യുതസഹായം നൽകുക, മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുക മുതലായ അടിയന്തിര സ്വഭാവമുള്ള ആശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള ഖാദി—ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നൂൽനൂൽപ്പ് നെയ്ത്തുതൊഴിലാളികൾ

* 442 [472] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി—ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള എല്ലാ നൂൽനൂൽപ്പ്—നെയ്ത്ത് കേന്ദ്രങ്ങളിലുമായി എത്ര തൊഴിലാളികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരിൽ നെയ്ത്തുകാർ, നൂൽനൂൽപ്പുകാർ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) നൂൽനൂൽപ്പുകാർക്ക് ശരാശരി ഒരുദിവസം എത്ര കൂലി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) നൂൽനൂൽപ്പുതൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്തുവാൻ വേണ്ടി മിനിമം വേജസ് ബോർഡ് രൂപീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 8688 തൊഴിലാളികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly